**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 299** **12-01-2021 - ൽ മറുപടിയ്ക്ക്**

**കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | പശ്ചിമ കൊച്ചിയിൽ 29.675 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രിക്ക് കിഫ്ബി 29.675 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതി നല്കിയിട്ടുണ്ട്.പ്രസ്തുത ഉത്തരവിൽ ഹരിതചട്ട പ്രകാരം GRIHA 3 star rating ലഭിക്കുന്നതിനാവശ്യമായ ഭേദഗതികൾ കൂടി ഉൾപ്പെടുത്തി അധിക സാമ്പത്തിക അനുമതി കൂടി ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രകാരം അധിക സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കി വരികയാണ്. അധിക സാമ്പത്തിക അനുമതി ലഭ്യമായ ശേഷം ടെന്റർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്ത നങ്ങൾ ആരംഭിക്കുവാനാണ് ലക്ഷ്യ മിടുന്നത്. |
| (ബി) | പ്രവൃത്തി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (ബി) | നിർമ്മാണ പ്രവർത്തികൾ ആരംഭി ക്കുന്നതിന് മുൻപായി കിഫ്ബി മാനദണ്ഡം അനുസരിച്ച് താഴെ പറയുന്ന statutory clearance കൾ ലഭിക്കേണ്ടതായിട്ടുണ്ട്. 1. Building permit from the local body (കെട്ടിട നിർമ്മാണ പെർമിറ്റ്) 2. NOC from Kerala Coastal Zone Management Authority 3. NOC from Fire & Safety Department 4. Permit from Kerala Pollution Control Board 5. NOC from Airport authority മുകളിൽ സൂചിപ്പിച്ചിരിക്കുന്ന അനുമതികൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട വകുപ്പുക ളുടെ പരിശോധനയിലാണ്. KIIFB ആവശ്യപ്പെട്ടത്പ്രകാരം കരുവേലിപ്പടി ഹോസ്പിറ്റൽ പ്രോജക്റ്റിന് GRIHA 3 Star rating ലഭ്യമാക്കുന്നതിലേയ്ക്കുള്ള addendum report ഹൗസിംഗ് ബോർഡ് തയ്യാറാക്കി വരികയാണ്. നിർമ്മാണ സൈറ്റിൽ സ്ഥിതി ചെയ്യുന്ന ആർഎംഒ ക്വാർട്ടേഴ്സ് ,എച്ച്.എം.സി പേവാർഡ് കെട്ടിടം , പഴയ |

| | | | |
|---|---|---|---|
| | | | സ്റ്റോർ കെട്ടിടം, നിലവിൽ ലാബ്, എക്സ്റേ എന്നിവ പ്രവർത്തിച്ച കൊണ്ടിരിക്കുന്ന കെട്ടിടം എന്നിവ പൊളിച്ച നീക്കേണ്ടതുണ്ട്. ലാബ്, എക്സ്റേ കെട്ടിടം എന്നിവ പൊളിച്ച നീക്കുന്നതിനുള്ള എസ്റ്റിമേറ്റും മറ്റ് അനുബന്ധ രേഖകളും ലഭ്യമാക്കുവാൻ കൊച്ചി കോർപ്പറേഷനോട് ആവശ്യപ്പെ ട്ടിട്ടുണ്ട്. മരങ്ങൾ മുറിച്ചു മാറ്റുവാൻ ടെൻഡർ നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. |
| (സി) | ആരോഗ്യ കുടുംബക്ഷേമവകുപ്പ് 54.45 കോടി രൂപയ്ക്ക് ഭരണാനുമതിയും കിഫ്ബി 29.675 കോടിക്ക് അംഗീകാരവും നൽകിയിട്ടുള്ള ഈ പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും ബാക്കി പ്രവൃത്തികൾക്ക് എന്നത്തേക്ക് അംഗീകാരം നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (സി) | ട്രോമാ കെയർ വിഭാഗം ഔട്ട്പേ ഷ്യന്റ് വിഭാഗം ( 14 കൺസൾട്ടിംഗ് മുറികളും അനുബന്ധ സൗകര്യങ്ങളും ) എക്സ്റേ,ഫാർമസി,ഡയാലിസിസ് യൂണിറ്റ്, ലാബോറട്ടറി, ഓർത്തോ, മെഡിസിൻ, സർജറി എന്നിവയ്ക്കുള്ള ജനറൽ വാർഡുകൾ, ഐസൊലേഷൻ വാർഡുകൾ, പേവാർഡുകൾ മൂന്ന് ഒപ്പറേഷൻ തിയേറ്ററുകൾ, സ്റ്റെപ്ഡൗൺ ഐസിയു, രോഗി കൾക്കും കൂട്ടിരിപ്പുകാർക്കുമുള്ള വിശ്രമ കേന്ദ്രം, റോഡ് വികസനം എന്നിവ യാണ് അംഗീകരിച്ചിട്ടുള്ളത്. ബാക്കി പ്രവർത്തികൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് കിഫ്ബി യുടെ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ